**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 736** 29.09.2016- ൽ മറുപടിക്ക്

**ഒറ്റത്തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഒറ്റത്തവണ നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദാംശം നൽകുമോ;<br><br>(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; റോഡുകളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും | ഒറ്റത്തവണ നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ 200 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കുള്ള ഭരണാനുമതി 2015-16-ൽ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>അനുബന്ധത്തിലെ ക്രമ നം. 1 മുതൽ 11 വരെയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തികൾ 30.12.2016-ന് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.<br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നിലവിലുള്ള പ്രവൃത്തി പൂർത്തീകരിക്കേണ്ടതിനാൽ ക്രമ നം. 12-ാമത്തെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.<br>ക്രമ നം. 13 മുതൽ 16 വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | തുക ( ലക്ഷത്തിൽ) |
|---|---|---|
| 1 | കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ നാഷണൽ ഹൈവേ തുരുത്തിറോഡ് കി.മീ 0/000 മുതൽ 0/310 വരെ താർ ചെയ്യൽ | 9.00 |
| 2 | കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ വി. ആർ നായനാർ സ്മാരക റോഡ് കി.മീ 0/250 മുതൽ 0/575 വരെ താർ ചെയ്യൽ | 9.00 |
| 3 | ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ശ്രീസ്ഥ- ചോയ്യാരം റോഡ് കി.മീ 0/270 മുതൽ 0/445 വരെ താർ ചെയ്യൽ | 9.00 |
| 4 | ചെറുതാഴം ഗ്രാമപഞ്ചായത്തിലെ വിളയാംങ്കോട്- നാഷണൽ ഹൈവേ- കൊക്കാട്- നമ്പാട് റോഡ് കി.മീ 0/100 മുതൽ 2/300 വരെ ഉപരിതലം പുതുക്കൽ | 9.00 |
| 5 | ഏഴോം ഗ്രാമപഞ്ചായത്തിലെ ഏഴോം- മുട്ടുകണ്ടി പഴയങ്ങാടി റോഡ് ( രണ്ടാം ഘട്ടം) കി.മീ 1/500 മുതൽ 3/025 വരെ ഉപരിതലം പുതുക്കൽ | 23.00 |
| 6 | മാടായി ഗ്രാമപഞ്ചായത്തിലെ അടുത്തില- വയലപ്ര- നടുക്കി താഴെ- വെങ്ങര റോഡ് കി.മീ 0/600 മുതൽ 2/050 വരെ ഉപരിതലം പുതുക്കൽ | 18.00 |
| 7 | മാട്ടൂർ ഗ്രാമപഞ്ചായത്തിലെ പൊലുപ്പിൽ ആർ.സി. ചർച്ച് ബൈപാസ് റോഡ് കി.മീ 0/000 മുതൽ 0/360 വരെ താർ ചെയ്യൽ | 19.00 |
| 8 | കണ്ണപുരം ഗ്രാമപഞ്ചായത്തിലെ തച്ചപ്പാടി- ഇടക്കേപ്പുറം- വടക്കുപൊടി ബസാർ റോഡ് കി.മീ 0/250 മുതൽ 0/810 വരെ ഉപരിതലം പുതുക്കൽ | 15.00 |
| 9 | കണ്ണപുരം ഗ്രാമപഞ്ചായത്തിലെ കയറ്റീൽ ലക്ഷം വീട്- കയറ്റീൽ കോളനി റോഡ് കി.മീ 0/000 മുതൽ 0/900 വരെ ഉപരിതലം പുതുക്കൽ | 12.00 |
| 10 | ചെറുകുന്നു ഗ്രാമപഞ്ചായത്തിലെ താവം ശ്രീശക്തി ടാക്കീസ്- ഓലിൽ റോഡ് കി.മീ 0/000 മുതൽ 2/750 വരെ ഉപരിതലം പുതുക്കൽ | 18.00 |
| 11 | കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ പാളയത്തുവളപ്പ് ആംസ്റ്റക് കോളേജ് റോഡ് കി.മീ 0/400 മുതൽ 0/990 വരെ ഉപരിതലം പുതുക്കൽ | 12.00 |
| 12 | പുട്ടുവം ഗ്രാമപഞ്ചായത്തിൽ കയ്യം- വെള്ളക്കീൽ പള്ളി റോഡിൽ ബ്ളാക്ക്ടോപ്പ് നിർമ്മാണം ( ഒന്നാഘട്ടം) | 9.00 |
| 13 | പുട്ടുവം ഗ്രാമപഞ്ചായത്തിൽ ചെറുക്കുളക്കാട്- മുറിയത്തോട് അരിയിൽ ഹരിജൻകോളനി റോഡ് കി.മീ 0/450 മുതൽ 0/720 വരെ ബ്ളാക്ക്ടോപ്പ് നിർമ്മാണം | 10.00 |
| 14 | പുട്ടുവം ഗ്രാമപഞ്ചായത്തിൽ മനുക്കര- മുതുകുട എൽ.പി സ്കൂൾ റോഡ് കി.മീ 0/000 മുതൽ 0/400 വരെ അഭിവൃദ്ധിപ്പെടുത്തൽ | 10.00 |
| 15 | കടന്നപ്പള്ളി- പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ ചെറുവച്ചേരി- അമ്പലം റോഡ്. | 15.00 |
| 16 | കടന്നപ്പള്ളി- പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ ചന്തപ്പുര തെക്കേക്കര- വിളയാംങ്കോട് റോഡ്. | 10.00 |

സെക്ഷൻ ഓഫീസർ.